# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 സെപ്റ്റംബർ 30

# വാർത്താക്കുറിപ്പ്

## വൈവാവോസി

2019 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ്-റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) ബിരുദ പരീക്ഷയുടെ വൈവാവോസി ഒക്ടോബർ 10ന് രാവിലെ 11 മുതൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 201–ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1762/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

മൂന്നാം സെമസ്റ്റർ ബി.എസ്‌സി. (റഗുലർ) ഒക്ടോബർ 2018 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഒക്ടോബർ 9, 10, 11 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 226–ാം നമ്പർ മുറിയിൽ തിരിച്ചറിയൽ രേഖ/ഹാൾ ടിക്കറ്റുമായി എത്തണം.

(പി.ആർ.ഒ./39/1763/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എസ്‌സി. (സി.ബി.സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഒക്ടോബർ മൂന്ന്, നാല്, അഞ്ച് തീയതികളിൽ തിരിച്ചറിയൽ രേഖകളുമായി സിൽവർ ജൂബിലി പരീക്ഷഭവനിലെ 226–ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ./39/1764/2019)

2019 മെയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്‌സി. (സി.ബി.സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഒക്ടോബർ മൂന്ന്, നാല്, അഞ്ച് തീയതികളിൽ തിരിച്ചറിയൽ രേഖകളുമായി സിൽവർ ജൂബിലി പരീക്ഷഭവനിലെ 226–ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ./39/1765/2019)

## പരീക്ഷഫലം

2019 ഏപ്രിലിൽ നടന്ന ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം- 2007-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006 അഡ്മിഷൻ ആദ്യ മേഴ്‌സി ചാൻസ്, 2006ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1766/2019)

2019 ഏപ്രിലിൽ നടന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1767/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1768/2019)

2019 ജൂലൈയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1769/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1770/2019)

## ശുചിത്വ സാക്ഷരത യജ്ഞമടക്കം കർമപരിപാടികളുമായി

## എം.ജി.യിൽ ഗാന്ധിജയന്തി ദിനാഘോഷം

മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്ന ശീലങ്ങൾ തിരുത്തി വൃത്തിയുടെ വികസിത സംസ്കാരം പ്രചരിപ്പിക്കുന്നതിനായി ശുചിത്വ സാക്ഷരത യജ്ഞമടക്കം വിവിധ കർമ്മപരിപാടികൾക്ക് തുടക്കം കുറിച്ച് ഗാന്ധി ജയന്തി ആഘോഷത്തിനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാല.

ഒക്ടോബർ രണ്ടിന് രാവിലെ ഒൻപതിന് സർവകലാശാലയിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന, ഗാന്ധിഭജൻ എന്നിവയോടെ ആഘോഷങ്ങൾക്ക് തുടക്കമാകും. സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 150 ദിവസം നീളുന്ന ശുചിത്വ സാക്ഷരത യജ്ഞം, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ സംഘടിപ്പിക്കുന്ന ഗാന്ധി ദർശൻ പരിപാടി, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തുന്ന വിവിധ പരിപാടികൾ എന്നിവയ്ക്ക് തുടക്കമാകും. ഒക്ടോബർ രണ്ടിന് രാവിലെ 10ന് സർവകലാശാല അസംബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വിവിധ പരിപാടികളുടെ ഉദ്ഘാടനം നിർവഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗങ്ങൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ എന്നിവർ പങ്കെടുക്കും.

സർവകലാശാല എൻ.എസ്.എസ്., കാമ്പസിലെ പഠനവകുപ്പുകളിലെ അധ്യാപകർ, വിദ്യാർഥികൾ, സർവകലാശാല ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ കാമ്പസിൽ ശുചീകരണ യജ്ഞം നടക്കും. അമലഗിരി ബി.കെ., മാന്നാനം കെ.ഇ., സർവകലാശാല കാമ്പസ് യൂണിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള അഞ്ഞൂറിലധികം എൻ.എസ്.എസ്. വോളണ്ടിയർമാർ യജ്ഞത്തിൽ പങ്കാളികളാകും. ഹോസ്റ്റൽ പരിസരമടക്കമുള്ള സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കും.

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷത്തിന്റെയും എൻ.എസ്.എസിന്റെ സുവർണ ജൂബിലി ആഘോഷത്തിന്റെയും ഭാഗമായാണ് ശുചിത്വ സാക്ഷരത യജ്ഞം നടത്തുന്നത്. എൻ.എസ്.എസിന്റെ ശുചിത്വ സാക്ഷരത യജ്ഞം 2020 മാർച്ച് രണ്ടിനാണ് സമാപിക്കുന്നത്. ആവശ്യമില്ലെന്ന് തോന്നുന്ന വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, അവ തരംതിരിച്ച് നിക്ഷേപിക്കുക, സംസ്കരിക്കുക, പ്ലാസ്റ്റിക് കത്തിക്കാതിരിക്കുക, പൊതുസ്ഥലങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുക തുടങ്ങി അടിസ്ഥാന ശുചിത്വകാര്യങ്ങൾ ഉൾപ്പെടുത്തി വിദ്യാർഥികളിലൂടെ പുതിയ ശുചിത്വ സംസ്കാരം സമൂഹത്തിലേക്ക് വ്യാപിപ്പിക്കുകയാണ് യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നത്. സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകൾ വഴിയാണ് യജ്ഞം നടപ്പാക്കുക. ഗാന്ധിയൻ ആശയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പങ്കാളിത്ത ഗ്രാമങ്ങളിലും പ്രചരിപ്പിക്കുകയാണ് ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെ ഗാന്ധി ദർശൻ പരിപാടിയുടെ ലക്ഷ്യം.

(പി.ആർ.ഒ./39/1771/2019)

## അക്കാദമിക മികവ്; പ്രൊഫ. നന്ദകുമാർ കളരിക്കലിന്

## 'പ്രൊഫസർ അറ്റ് ലൊറൈൻ' ബഹുമതി

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെയും സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിന്റെയും ഡയറക്ടറായ പ്രൊഫ. നന്ദകുമാർ കളരിക്കലിന് അക്കാദമിക മികവിനുള്ള 'പ്രൊഫസർ അറ്റ് ലൊറൈൻ' ബഹുമതി. ഫ്രാൻസിലെ ലൊറൈൻ സർവകലാശാലയുടെതാണ് അംഗീകാരം. ഇതിലൂടെ ലൊറൈൻ സർവകലാശാലയിൽ മൂന്നു വർഷത്തേക്ക് വിസിറ്റിംഗ് അധ്യാപകനായി പ്രവർത്തിക്കാം. ഇരു സർവകലാശാലകളും തമ്മിലുള്ള ഗവേഷണ സഹകരണം മെച്ചപ്പെടുത്താൻ പദവി പ്രയോജനപ്പെടും.

പ്രസിദ്ധ പോളിമർ ശാസ്ത്രജ്ഞനും എം.ജി. സർവകലാശാല വൈസ് ചാൻസലറുമായ പ്രൊഫ. സാബു തോമസിനെയും പ്രൊഫസർ അറ്റ് ലൊറൈൻ പദവി നൽകി ആദരിച്ചിരുന്നു. ഒരേ സർവകലാശാലയിലെ രണ്ടുപേർക്ക് മികവിനുള്ള 'പ്രൊഫസർ അറ്റ് ലൊറൈൻ' ബഹുമതി ലഭിച്ചു എന്ന അപൂർവ നേട്ടവുമുണ്ട്.

## ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. നന്ദകുമാർ കളരിക്കൽ**

(പി.ആർ.ഒ./39/1772/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ